# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2764 14.02.2013-ൽ മറുപടിക്ക്**

## കുടിവെള്ളത്തിന്റെ ഗുണമേന്മ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ.എ നെല്ലിക്കുന്ന് | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | കുടിവെള്ളത്തിന്റെ ഗുണമേന്മ കുറവ് സ്കൂൾ വിദ്യാർത്ഥികളിൽ ദന്തൽ ഫ്ളൂറോസിസ് എന്ന രോഗത്തിന് കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (സി) | എങ്കിൽ കുടിവെള്ളത്തിലെ ഉപ്പ് രസം കുറയ്ക്കുന്നതിനും ഫ്ളൂറൈഡ് പ്രശ്നം പരിഹരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ ? | (സി) ജലസ്രോതസ്സുകളിൽ ഉപ്പുരസം, ഫ്ളൂറൈഡ് തുടങ്ങിയവ അനുവദനീയമായ പരിധിക്കു മുകളിൽ വരികയാണെങ്കിൽ അത്തരം ജല സ്രോതസ്സുകളെ ഒഴിവാക്കി ഗുണനിലവാരമുള്ള ജല സ്രോതസ്സുകൾ തെരഞ്ഞെടുത്താണ് വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നത്. എന്തെങ്കിലും തകരാറുകൾ ശ്രദ്ധയിൽ പ്പെടുന്നമുറയ്ക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ